2026
JANUARY
14
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# വിലക്കയറ്റം; ഏറ്റവും മുന്നിൽ കേരളം

**ന്യൂഡൽഹി:** ഡിസംബറിൽ രാജ്യമാകെയുള്ള വിലക്കയറ്റത്തോത് 1.33 ശതമാനമാണെങ്കിലും കേരളത്തിലേത് 9.49% എന്ന ഉയർന്ന നിരക്കിൽ തുടരുന്നു. നവംബറിൽ കേരളത്തിലെ വിലക്കയറ്റത്തോത് 8.27 ശതമാനമായിരുന്നതാണ് ഇക്കുറി 9.49 ശതമാനമായി ഉയർന്നത്.

ഇത്തവണയും രാജ്യത്ത് ഏറ്റവും ഉയർന്ന വിലക്കയറ്റത്തോത് കേരളത്തിലാണ്. മറ്റെല്ലാ സംസ്ഥാനങ്ങളിലും വിലക്കയറ്റത്തോത് 3 ശതമാനത്തിനു താഴെയാണ്. രണ്ടാമതുള്ള കർണാടകയിലെ നിരക്ക് 2.99% മാത്രമാണ്. 6 സംസ്ഥാനങ്ങളിൽ നിരക്ക് നെഗറ്റീവിലുമാണ്. ഒരു വർഷത്തിലേറെയായി വിലക്കയറ്റത്തോത് സംബന്ധിച്ച പട്ടികയിൽ കേരളമാണ് ഒന്നാമത്. നവംബറിനെ (0.71%) അപേക്ഷിച്ച് ഡിസംബറിൽ രാജ്യമാകെയുള്ള നിരക്കിൽ (1.33%) വർധനയുണ്ടായി. പച്ചക്കറി, മത്സ്യം, മാംസം, മുട്ട, സുഗന്ധവ്യഞ്ജനങ്ങൾ, പയറുവർഗങ്ങൾ തുടങ്ങിയവയുടെ വിലയിലെ വർധനയാണ് നിരക്കിൽ പ്രതിഫലിച്ചത്.



ഇക്കൊല്ലം ഇത് അഞ്ചാം തവണയാണ് രാജ്യമാകെയുള്ള നിരക്ക് 2 ശതമാനത്തിനു താഴെയാകുന്നത്. അനുകൂലഘടകങ്ങൾ പരിഗണിച്ച് റിസർവ് ബാങ്ക് നടപ്പ് സാമ്പത്തികവർഷത്തെ മൊത്തം വിലക്കയറ്റത്തോത് സംബന്ധിച്ച അനുമാനം 2 ശതമാനമാക്കി കുറച്ചിരുന്നു. മുൻപിത് 2.6 ശതമാനമായിരുന്നു.



## വ്യവസായ മേഖലയ്ക്ക് ഉതകുന്ന ജീവനക്കാർ കാലത്തിന്റെ ആവശ്യം: പ്രധാനമന്ത്രി

**ന്യൂഡൽഹി:** ഗുജറാത്ത് സർക്കാർ മാർവാഡി സർവ്വകലാശാലയിൽ സംഘടിപ്പിച്ച വൈബ്രന്റ് ഗുജറാത്ത് റീജണൽ കോൺഫറൻസിന്റെ ആദ്യ ദിനത്തിൽ 13 പുതിയ സ്മാർട്ട് വ്യവസായ എസ്റ്റേറ്റുകളും മെഡിക്കൽ ഡിവൈസസ് പാർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. വ്യവസായ മേഖലയ്ക്ക് ഉതകുന്ന ജീവനക്കാരാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി നിക്ഷേപകർക്കായി ഗുജറാത്തിൽ മികച്ച രീതിയിലെ വിദ്യാഭ്യാസവും ശേഷി വികസന സംവിധാനങ്ങളും ലഭ്യമാണെന്നും ഉറപ്പു നൽകി. ഇന്ത്യയുടെ വിശാലമായ വികസന പ്രതീക്ഷകൾക്ക് പിന്തുണയേകുന്ന മേഖലാ ശാക്തീകരണങ്ങൾ ആവശ്യമാണെന്ന് ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്രഭായ് പട്ടേൽ പറഞ്ഞു. വികസിത് ഭാരത് @ 2047, വികസിത് ഗുജറാത്തി @ 2047 എന്നീ കാഴ്ചപ്പാടുകളോടു ചേർന്നു നിൽക്കുന്നതും സുസ്ഥിരത, തുറമുഖങ്ങളും ഗതാഗത സൗകര്യങ്ങളും, കാർഷികഭക്ഷ്യ സംസ്ക്കരണ മേഖല, ഫിഷറീസ്, മിനറൽസ്, ഊർജ്ജം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതുമായ നിരവധി ചർച്ചകളാണ് ആദ്യ ദിനത്തിൽ നടന്നത്.

# പകുതിയിലധികം ഇന്ത്യക്കാരും വിദേശത്തേക്ക് പറക്കാൻ ഒരുങ്ങുന്നു; പ്രധാന ലക്ഷ്യം യൂറോപ്പും ഏഷ്യയുമെന്ന് സർവ്വേ

**കൊച്ചി:** ഇന്ത്യയിൽ നിന്ന് വലിയൊരു വിഭാഗം ജനങ്ങൾ വിദേശത്തേക്ക് കുടിയേറാൻ തയ്യാറെടുക്കുന്നതായി സർവ്വേ. എഐ അധിഷ്ഠിത ഗ്ലോബൽ ടാലന്റ് മൊബിലിറ്റി പ്ലാറ്റ്ഫോമായ ടേൺ ഗ്രൂപ്പ് നടത്തിയ സർവേയിലാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്. ഇന്ത്യയിലുടനീളമുള്ള 8,000 ആളുകൾക്കിടയിൽ നടത്തിയ 'ഇയർഎൻഡർ മൈഗ്രേഷൻ ബാരോമീറ്റർ' സർവേ പ്രകാരമാണ് ഈ കണ്ടെത്തൽ. സർവേ പ്രകാരം സാമ്പത്തികവും തൊഴിൽപരവുമായ നേട്ടങ്ങൾ ലക്ഷ്യമിട്ട് 52% ഇന്ത്യക്കാരും വിദേശത്തേക്ക് പോകാൻ തയ്യാറെടുക്കുകയോ സാധ്യതകൾ തേടുന്നവരുമാണ്. സാമ്പത്തിക വളർച്ചയാണ് കുടിയേറ്റത്തിനുള്ള പ്രധാന കാരണമായി 46% പേർ ചൂണ്ടിക്കാണിക്കുന്നത്. തൊഴിൽപരമായ വളർച്ച (34%), വ്യക്തിപരമായ സ്വപ്നങ്ങൾ (9%), ആഗോള എക്സ്പോഷർ (4%) എന്നിവയാണ് മറ്റ് കാരണങ്ങൾ.

യൂറോപ്പും ഏഷ്യയുമാണ് പ്രധാന ലക്ഷ്യസ്ഥാനങ്ങൾ. 43% പേർ ജർമ്മനിയെയാണ് ഏറ്റവും മികച്ച ലക്ഷ്യസ്ഥാനമായി കാണുന്നത്. യുകെ (17%), ജപ്പാൻ (9%), യുഎസ്എ (4%) എന്നിവയാണ് തൊഴിലന്വേഷകരുടെ മറ്റ് രാജ്യങ്ങൾ.

വിദേശത്തേക്ക് പോകുന്ന നേഴ്സുമാരിൽ ഭൂരിഭാഗവും (61%) ഇന്ത്യയിലെ മെട്രോ നഗരങ്ങൾക്ക് പുറത്തുള്ള ടയർ2, ടയർ3 നഗരങ്ങളിൽ നിന്നുള്ളവരാണ്. നേഴ്സിംഗ് കുടിയേറ്റത്തിൽ ഡൽഹി എൻസിആർ (17%), ദക്ഷിണേന്ത്യ (9%), വടക്കുകിഴക്കൻ ഇന്ത്യ (9%) എന്നിങ്ങനെയാണ് പങ്കാളിത്തം. ഭാഷാപരമായ പ്രാവീണ്യം നേടുന്നത് വലിയൊരു തടസ്സമായി നിലനിൽക്കുന്നത് തിരിച്ചടിയാണ്. 44 ശതമാനം പേരും ഭാഷപരമായ പ്രാവീണ്യം പ്രശ്നമായി ചൂണ്ടിക്കാണിക്കുന്നു. കൂടാതെ, പരമ്പരാഗത റിക്രൂട്ട്മെന്റ് രീതികളിലെ വിശ്വാസക്കുറവും ഒരു പ്രധാന പ്രശ്നമാണ്. 48% പേർക്ക് അനഭിലഷണീയമായ റിക്രൂട്ട്മെന്റ് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ശരിയായ മാർഗ്ഗനിർദ്ദേശമില്ലായ്മ (33%), അമിത ചിലവ് (14%), നീണ്ട നടപടിക്രമങ്ങൾ (10%) എന്നിവ കുടിയേറ്റ മോഹങ്ങൾക്ക് തിരിച്ചടിയാകുന്നു. വിസ നടപടികളിലെ കാലതാമസവും സർവേ ചൂണ്ടിക്കാക്കുന്നുണ്ട്. 26% പേർക്ക് മൂന്ന് മാസത്തിനുള്ളിൽ വിസ ലഭിച്ചപ്പോൾ, 13% പേർക്ക് ഒരു വർഷത്തിലധികം കാത്തിരിക്കേണ്ടി വന്നു. വരും വർഷങ്ങളിൽ കൂടുതൽ സുതാര്യവും ലളിതവുമായ കുടിയേറ്റ രീതികൾ നിലവിൽ വരുമെന്ന് ടേൺ ഗ്രൂപ്പ് വിലയിരുത്തുന്നു. ദശലക്ഷക്കണക്കിന് ഇന്ത്യൻ യുവതലമുറആഗോളതലത്തിൽ ജോലി ചെയ്യാൻ സജ്ജരാണ്. സുതാര്യമായ മാർഗ്ഗനിർദ്ദേശം, മികച്ച ഭാഷാ പരിശീലനം, സീറോ ഫീ റിക്രൂട്ട്മെന്റ് ഇതൊക്കെ അത്യാവശ്യമാണ്. നമ്മുടെ പ്രതിഭകൾ തയ്യാറാണ്, ഇനി സംവിധാനങ്ങളും അതിനൊത്ത് മാറണമെന്ന് ടേൺ ഗ്രൂപ്പ് സ്ഥാപകനും സിഇഒയുമായ അവിനവ് നിഗം പറഞ്ഞു.






സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടികൾ

**കൊച്ചി**

■ **എറണാകുളം ശ്രീ അയ്യപ്പൻ കോവിൽ:** മകരവിളക്ക് മഹോത്സവം - പകൽപ്പൂരം - വൈകീട്ട് 4ന്.

■ **മഹാരാജാസ് കോളേജ്:** 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആർക്കിയോളജി ആൻഡ് മെറ്റീരിയൽ കൾചർ സ്റ്റഡീസ് ഡിപ്പാർമെന്റ് സംഘടിപ്പിക്കുന്ന ദേശിയ ആർക്കിയോളജി സെമിനാർ - രാവിലെ 11 മണിക്ക്.

**തേവര**

■ **തേവര സേക്രട്ട് ഹാർട്ട് കോളേജ് :** 'ഹാർട്ടിയൻ റിസർച്ച് കോൺഗ്രസ്'- ഉദ്ഘാടനം കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ ബി. കാശി വിശ്വനാഥൻ - രാവിലെ 10 മണിക്ക്.

**പറവൂർ**

■ **എറണാകുളം ഡിസിസി ഓഡിറ്റോറിയം:** പ്രവാസി ദിനാഘോഷം - ഉദ്ഘാടനം കോൺഗ്രസ് നിയമസഭാ കക്ഷി ഉപനേതാവ് കെ. ബാബു എം എൽ എ - രാവിലെ 10.30ന്.

**തൃപ്പൂണിത്തുറ**

■ **നടമേൽ മർത്ത മറിയം യാക്കോബായ പള്ളി:** വിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ - രാവിലെ 7.30 മുതൽ.




## ഹിമാചൽ പ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഘം സപ്ലൈകോ സന്ദർശിച്ചു

**കൊച്ചി:** ഹിമാചൽ പ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 11 അംഗ സംഘം കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) എറണാകുളം കേന്ദ്ര കാര്യാലയത്തിൽ സന്ദർശനം നടത്തി. വൈസ് ചെയർമാൻ വിശാൽ ചമ്പ്യാൽ നേതൃത്വം നൽകിയ സംഘത്തിൽ ഡയറക്ടർ ബോർഡ് അംഗങ്ങളായ രാജേന്ദ്ര ചൗധരി, വിക്രം ശർമ്മ, നസീമ ബീഗം, പുഷ്പിന്ദർ താക്കൂർ എന്നിവരും ജനറൽ മാനേജർമാരായ അരവിന്ദ് ശർമ്മ, പങ്കജ് ശർമ്മ, ഫിനാൻഷ്യൽ അഡ്വൈസർ അജയ് മഹാജൻ, ഡിവിഷണൽ മാനേജർ വിജയ് ശർമ്മ, അക്കൗണ്ട്സ് ഓഫീസർ സരിക എന്നിവരും ഉൾപ്പെട്ടിരുന്നു. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ വി. എം. അടക്കമുള്ള മാനേജ്മെന്റ് അംഗങ്ങളുമായി, ഹിമാചൽ പ്രദേശ് സംഘം വിശദമായ ചർച്ചകൾ നടത്തി.

സപ്ലൈകോയുടെ റീട്ടെയിൽ പ്രവർത്തനങ്ങൾ, നെല്ല് സംഭരണ സംവിധാനം, ദേശീയ ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള പിന്തുണാ പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായും സംഘം പഠിച്ചത്. വിപണി ഇടപെടലിലും നെല്ല് സംഭരണത്തിലും സപ്ലൈകോയുടെ പ്രവർത്തന മാതൃകകൾ സംഘം വിലയിരുത്തി.

സന്ദർശനത്തിന്റെ ഭാഗമായി ഗാന്ധിനഗർ സപ്ലൈകോ ഹൈപ്പർ മാർക്കറ്റ് സന്ദർശിച്ച്, പ്രവർത്തന സംവിധാനങ്ങളും നേരിട്ട് പരിചയപ്പെട്ടു. അവശ്യ വസ്തുക്കളുടെ വിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി രണ്ട് സംസ്ഥാനങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനുകൾ തമ്മിലുള്ള സഹകരണത്തിനും ഈ ചർച്ചകൾ വഴി തെളിക്കുമെന്നു സപ്ലൈകോ മാനേജിങ് ഡയറക്ടർ വി. എം ജയകൃഷ്ണൻ അറിയിച്ചു.

## സർജറി റോബോട്ട് സംവിധാനമുള്ള ബസ് : പൊതുജനങ്ങൾക്ക് കാണാൻ അവസരം

**കൊച്ചി :** റോബോട്ടിക് സർജറികൾ നടത്തുന്ന റോബോട്ടുകളെയും അവയുടെ പ്രവർത്തനരീതികളെയും പൊതുജനങ്ങൾക്ക് നേരിൽകണ്ട് മനസിലാക്കാൻ അവസരവുമായി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി. വിദഗ്ദരുടെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന ബസിനുള്ളിൽ സജ്ജീകരിച്ച റോബോട്ടിക് സർജറി ഓപ്പറേഷൻ തീയേറ്റർ സംവിധാനം ഈ മാസം 16, 17 തിയതികളിൽ രാവിലെ ഒമ്പത് മണി മുതൽ എറണാകുളം ക്രൗൺപ്ലാസ ഹോട്ടലിൽ പൊതുജനങ്ങൾക്ക് നേരിൽ കാണാം. അനായാസവും കൃത്യതയോടെയും വിവിധ സർജറികൾ നടത്താൻ ആധുനിക ചികിത്സാ രംഗം കൂടുതൽ ആശ്രയിക്കുന്നത് റോബോട്ടുകളെയാണ്. 200 ലധികം റോബോട്ടിക് സർജറികൾ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് വിജയകരമായി നടത്തിയിട്ടുണ്ട്.

ഈ മേഖലയെക്കുറിച്ച് കൂടുതൽ അറിവ് നേടാൻ ആഗ്രഹിക്കുന്ന പൊതുനങ്ങൾ, വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ തുടങ്ങിയവർ ഈ അവസം ഉപയോഗപ്പെടുത്തണമെന്ന് മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ.പി.വി.ലൂയിസ് അറിയിച്ചു. റോബോട്ട് സംവിധാനമുള്ള ബസ് സന്ദർശിക്കുന്നതിനായി +91 90480 89222 എന്ന നമ്പറിൽ ബന്ധപ്പെട്ട് സമയം ബുക്ക് ചെയ്യാവുന്നതാണ്.

## രോഗനിർണ്ണയം ഇനി അതിവേഗം; മെഡിക്കൽ കോളേജിൽ വൈറോളജി ലാബ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിന് കീഴിൽ നിർമ്മിച്ച വൈറസ് റിസർച്ച് ആൻഡ് ഡയഗ്നോസ്റ്റിക് ലബോറട്ടറി ഉദ്ഘാടനത്തിന് ഒരുങ്ങുന്നു. ഐ.സി.എം.ആർ. അനുവദിച്ച ഫണ്ട് ഉപയോഗിച്ച് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയോടെയാണ് ലാബ് സജ്ജമാക്കിയിരിക്കുന്നത്.

മോളിക്യുലാർ ഡയഗ്നോസ്റ്റിക് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലാബിൽ പി.സി.ആർ, എലൈസ പരിശോധനകളിലൂടെ കോവിഡ്, എച്ച്1എൻ1, ഹെപ്പറ്റൈറ്റിസ്, ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ അതിവേഗത്തിലും കുറഞ്ഞ നിരക്കിലും തിരിച്ചറിയാൻ സാധിക്കും. മധ്യകേരളത്തിലെ പൊതുജനാരോഗ്യ നിരീക്ഷണവും രോഗനിർണയവും ശക്തിപ്പെടുത്തുന്നതിനൊപ്പം ഗവേഷണ പരിശീലന രംഗങ്ങളിലും ലബോറട്ടറി വലിയ മുന്നേറ്റമുണ്ടാക്കുമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അറിയിച്ചു.

## കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ഡാറ്റാ എൻട്രി, ഡി റ്റി പി കോഴ്സുകളുടെ പരിശീലനം നടത്തുന്നതിന് കമ്പ്യൂട്ടർ ഇൻസ്ട്രക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും, പി ജി ഡി സി എ യുമാണ് അടിസ്ഥാന യോഗ്യത.

എം എസ് ഓഫീസ്, ഡി റ്റി പി, ഐ എസ് എം പബ്ലിഷർ എന്നിവയിൽ പരിജ്ഞാനവും അംഗീകൃത സർട്ടിഫിക്കറ്റുകൾ ഉള്ളവരുമായിരിക്കണം. താൽപ്പര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭാസ യോഗ്യത, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജനുവരി 31 വൈകീട്ട് അഞ്ചിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. എസ് സി /എസ് ടി വിഭാഗത്തിൽപ്പെടുന്നവർക്ക് മുൻഗണന നൽകും. ഫോൺ 04842623304, 9188581148, 8921708401



## വിമാന യാത്രയുടെ സന്തോഷം മന്ത്രിയുമായി പങ്കുവച്ച് കുട്ടികൾ

**കൊച്ചി:** സമഗ്രശിക്ഷാ കേരള പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ബിആർസി, ഭിന്നശേഷി കുട്ടികൾക്കായി 'സഫലമീയാത്ര' എന്ന പേരിൽ ഒരു വിമാനയാത്ര സംഘടിപ്പിച്ചു. കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് 19 കുട്ടികളാണ് പറന്നെത്തിയത്. വിമാനയാത്രക്ക് ശേഷം കുട്ടികൾ ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജിനെ കണ്ട് സന്തോഷം പങ്കുവച്ചു. നിയമസഭയിലെ മന്ത്രിയുടെ ചേംബറിലെത്തിയ കുട്ടികൾക്ക് മന്ത്രി മധുരവും പൂക്കളും സമ്മാനിച്ചു. കുട്ടികൾ വിമാന യാത്രാ വിശേഷങ്ങൾ പങ്കുവയ്ക്കുകയും പാട്ട് പാടുകയും ചെയ്തു.

വിവിധ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളും മൂന്ന് രക്ഷിതാക്കളും അധ്യാപകരും അടങ്ങുന്ന 27 അംഗ സംഘമാണ് സംഘത്തിലുള്ളത്. 'കുട്ടികൾക്ക് ആത്മവിശ്വാസവും മനോധൈര്യവും നൽകുന്നതിനായാണ് യാത്ര സംഘടിപ്പിച്ചത്. സാധാരണ കുട്ടികൾക്ക് ലഭിക്കുന്ന അവസരങ്ങൾ തങ്ങൾക്കും പ്രാപ്യമാണെന്ന് തിരിച്ചറിയുന്നത് ഈ കുട്ടികളിൽ വലിയ ആത്മവിശ്വാസം വളർത്തും. 'എനിക്കും ഇത് സാധിക്കും' എന്ന ചിന്ത അവരുടെ മാനസിക വളർച്ചയ്ക്ക് വലിയ കരുത്തേകും. വിമാനത്താവളത്തിലെ നടപടിക്രമങ്ങൾ, സുരക്ഷാ പരിശോധനകൾ എന്നിവ പുതിയ അറിവുകൾ നൽകുന്നതായിരുന്നു.

കുട്ടികൾക്കായി ഈ യാത്ര സ്പോൺസർ ചെയ്തത് ലോക കേരളസഭാ അംഗം ജയിംസ് ചക്കാട്ടും, യാത്ര കോർഡിനേറ്റ് ചെയ്തത് പ്രവാസി വെൽഫെയർ ബോർഡ് ഡയറക്ടർ ജോർജ് വർഗീസും ആണ്. സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ രശ്മിയും പങ്കെടുത്തു. ചൈൽഡ് ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. രാഹുൽ കുട്ടികളെ എയർപോർട്ടിൽ സ്വീകരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കാലാവസ്ഥാ വെല്ലുവിളികളെ നാളികേര മേഖലയിലെ വളർച്ചയ്ക്കുള്ള അവസരങ്ങളാക്കണം: കൊച്ചി മേയർ

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനവും പ്രകൃതിയിലെ അപ്രതീക്ഷിത മാറ്റങ്ങളും നാളികേര ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള അവസരങ്ങളാക്കി മാറ്റണമെന്ന് കൊച്ചി മേയർ അഡ്വ. വി. കെ. മിനിമോൾ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം, കീട രോഗാക്രമണം എന്നിവ ഉൾപ്പെടെയുള്ള ഉയർന്നുവരുന്ന വെല്ലുവിളികളെ നവീന സമീപനങ്ങളോടെ നേരിടുകയും, അവയെ സുസ്ഥിര വളർച്ചയ്ക്കുള്ള അവസരങ്ങളാക്കി മാറ്റുകയും വേണമെന്ന് അവർ അഭിപ്രായപ്പെട്ടു. നാളികേര സംസ്കരണം, സംരംഭകത്വം, അഗ്രിബിസിനസ് മേഖലകൾ എന്നിവയിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തമാണ് നാളികേര മേഖലയിലെ ഭാവി നിർണയിക്കുന്നതെന്നും മേയർ പറഞ്ഞു. നാളികേര വികസന ബോർഡിന്റെ 46-ാമത് സ്ഥാപക ദിനാഘോഷങ്ങൾ കാരിക്കാമുറി ചാവറ കൾച്ചറൽ സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ.

നാളികേരം മലയാളികളുടെ നിത്യ ജീവിതത്തിന്റെ ഭാഗമായതിനാൽ, കേരളത്തിന്റെ തന്നെ പേരിനു കാരണമായ ഈ വിളയുടെ കൃഷിയും ഉൽപ്പാദനവും നമുക്കു വർദ്ധിപ്പിച്ചേ മതിയാവൂവെന്നും മേയർ പറഞ്ഞു. ടി.ജെ വിനോദ് എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ സഞ്ജു സൂസൻ മാത്യു, കൗൺസിലർ കെ.വി.പി കൃഷ്ണകുമാർ, നാളികേര വിസന ബോർഡ് സെക്രട്ടറി പ്രമോദ് പി, കുര്യൻ, ഡെപ്യൂട്ടി ഡയറക്ടർ ആർ. ജയനാഥ് തുടങ്ങിയവർ സംസാരിച്ചു. സ്ഥാപക ദിനത്തോടനുബന്ധിച്ച് നഗരത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ ചിത്ര രചനാ മത്സരത്തിൽ വിജയികളായവർക്ക് മേയർ ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനത്തെ വിവിധ നാളികേര ക്ലസ്റ്ററുകളിൽ നിന്നായി ഇരുനൂറോളം കൃഷിക്കാർ സമ്മേളനത്തിൽ പങ്കെടുത്തു. ബോർഡിന്റെ വിവിധ പദ്ധതികളെ കുറിച്ച് ഡവലപ്മെന്റ് ഓഫീസർ വിൻസി വർഗീസ്, ഇൻഷുറൻസ് പദ്ധതികളെ കുറിച്ച് ഡെപ്യൂട്ടി ഡയറക്ടർ റിച്ചി റേച്ചൽ മാത്യു, മാർക്കറ്റിംഗിനെയും കയറ്റുമതിയെയും കുറിച്ച് അസിസ്റ്റന്റ് ഡയറക്ടർ എം. എ ലീനാമോൾ എന്നിവർ ക്ലാസുകൾ നയിച്ചു.



# കൊച്ചി ബിനാലെ: ജോഷി ബെനഡിക്റ്റിന്റെ ഗ്രാഫിക് നോവൽ ശിൽപ്പശാല

**കൊച്ചി:** ഗ്രാഫിക് നോവലുകളിലൂടെ പോസിറ്റീവായ ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്നതിൽ യുവതലമുറയുടെ പങ്കാളിത്തം വർധിച്ചു വരികയാണെന്ന് പ്രശസ്ത അനിമേറ്റർ ജോഷി ബെനഡിക്ട് പറഞ്ഞു. കൊച്ചിമുസിരിസ് ബിനാലെയുടെ (കെഎംബി) ഭാഗമായി ദി ഇന്നർ വർക്സ് ഓഫ് ഗ്രാഫിക് നോവൽ എന്ന പേരിൽ സംഘടിപ്പിച്ച ഇല്ലസ്ട്രേഷൻ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ ബിനാലെ പവിലിയനിലാണ് പരിപാടി നടന്നത്. 2024ലെ മികച്ച അനിമേഷൻ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ എ കോക്കനട്ട് ട്രീ (അനിമേഷൻ ചിത്രം), പന്നിമലത്ത്(ഗ്രാഫിക് നോവൽ), എന്നീ സൃഷ്ടികളെക്കുറിച്ചുള്ള അനുഭവങ്ങൾ അദ്ദേഹം പങ്കുവച്ചു. സ്കൂൾ കാലം മുതൽ കോമിക്സിനോട് താൽപ്പര്യമുണ്ടായിരുന്നതിനാൽ ഗ്രാഫിക് നോവലുകൾ നിർമ്മിക്കണമെന്ന ആഗ്രഹം മനസിൽ ഉടലെടുത്തിരുന്നു. ഗ്രാഫിക് നോവലുണ്ടാക്കിയ വ്യക്തികളോട് സംസാരിക്കാൻ അവസരം കിട്ടി. അവരിൽ നിന്ന് മനസിലാക്കിയ കാര്യങ്ങൾ ഏറെ ഉപകാരപ്രദമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി ബിനാലെ നടത്തുന്ന ഇത്തരം ശിൽപ്പശാലകൾ സൗജന്യമായി ലഭിക്കുന്ന അമൂല്യമായ അവസരങ്ങളാണെന്നും ജോസഫ് ചൂണ്ടിക്കാട്ടി. സർഗശേഷിയെ വളർത്താൻ ഉദ്ദേശിച്ച് തയ്യാറാക്കിയ ശിൽപശാലയിലെ സ്കെച്ചിംഗ് സെഷൻ ഏറെ ശ്രദ്ധേയമായിരുന്നു. നിരവധി വിദ്യാർത്ഥികളും ഇല്ലസ്ട്രേറ്റർമാരും ഇതിൽ പങ്കെടുത്തു. കോക്കനട്ട് ട്രീയുടെ പ്രദർശനത്തോടെയാണ് ശിൽപ്പശാല സമാപിച്ചത്.

# ഭക്ഷണക്രമീകരണങ്ങളിലൂടെ മൈലോമയെ ചെറുക്കാം

**കൊച്ചി:** രോഗ സാധ്യതയുള്ളവരിൽ പ്രാരംഭഘട്ടത്തിൽ ഭക്ഷണക്രമീകരണങ്ങളിലൂടെ മജ്ജയിലെ പ്ലാസ്മ കോശങ്ങളെ ബാധിക്കുന്ന രക്താർബുദമായ മൈലോമയെ ഒരു പരിധിവരെ ചെറുക്കാമെന്ന് വിദഗ്ദർ. കൊച്ചി അമൃത ആശുപത്രിയിൽ സമാപിച്ച മൈലോമ കോൺഗ്രസിലാണ് മൈലോമ രോഗ സാധ്യത ഉള്ളവരിൽ പ്രാരംഭ ഘട്ടത്തിൽ റിഫൈൻ ചെയ്യാത്ത സസ്യാഹാര ഭക്ഷണക്രമം പിന്തുടരുന്നതിലൂടെ രോഗ പുരോഗതി ഒരു പരിധിവരെ തടയാൻ കഴിയുമെന്ന ശ്രദ്ധേയമായ കണ്ടെത്തൽ ഡോ. ഉർവി ഷാ അവതരിപ്പിച്ചത്. മജ്ജയിലെ പ്ലാസ്മ കോശങ്ങളെ ബാധിക്കുന്ന അർബുദമായ മൈലോമയുടെ നൂതന ചികിത്സാരീതികൾ അവതരിപ്പിച്ച ഇന്ത്യൻ മൈലോമ കോൺഗ്രസിൽ അഞ്ഞൂറോളം പേർ പങ്കെടുത്തു. മൈലോമ ചികിത്സയിലും ഗവേഷണത്തിലും ആഗോളതലത്തിൽ നടക്കുന്ന മാറ്റങ്ങളെ കുറിച്ച് ഇന്ത്യയിലെയും വിദേശത്തെയും വിദഗ്ധർ വിഷയാവതരണം നടത്തി. സമ്മേളനത്തിൽ കാർടി സെൽ തെറാപ്പി, ബൈറ്റ് തെറാപ്പി എന്നീ നൂതന ചികിത്സാരീതികൾ ചർച്ചയായി. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെപറ്റി സംവാദം സംഘടിപ്പിച്ചു. അമൃത ആശുപത്രിയിൽ നടന്ന സമ്മേളനത്തിൽ ഡോക്ടർമാരായ നിഖിൽ കൃഷ്ണ ഹരിദാസ്, മനോജ് ഉണ്ണി, സൗരഭ്, സഞ്ജു സിറിയക്, അബ്ദുൽ മജീദ്, ബോബൻ തോമസ്, ഉണ്ണി എസ്. പിള്ള, ഉണ്ണികൃഷ്ണൻ, ഷാജി കെ. കുമാർ തുടങ്ങിയവർ മൈലോമ ബാധിതരായ രോഗികളുമായി ആശയവിനിമയം നടത്തി.

സമാപന ദിവസം വിവിധ സെഷനുകളിൽ ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗം മേധാവി ഡോ. നീരജ് സിദ്ധാർത്ഥൻ, ഡോ. വീ ജൂ ചുങ്, ഡോ. നിഖിൽ സി. മുൻഷി തുടങ്ങിയവർ പ്രഭാഷണം നടത്തി.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റ പട്ടയ മിഷനുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ സർവെ ജോലികൾക്കായി സർവെയർ, ചെയിൻമാൻ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തും. മേഖലയിൽ പരിചയ സമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. അഞ്ച് സർവെയർമാർ, 10 ചെയിൻമാന്മാർ, ഒരു ഡാറ്റ എൻട്രി ഓഫീസർ എന്നിങ്ങനെയാണ് ഒഴിവുകൾ. വിരമിച്ച സർവെ ജീവനക്കാർക്കും, മുൻപരിചയമുള്ള സർവെയർമാർ, ചെയിൻമാൻ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നിവർക്കും മുൻഗണന ഉണ്ടായിരിക്കും. താൽപ്പര്യമുള്ളവർ ജനുവരി 21ന് രാവിലെ 10.00 ന് മുമ്പ് കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ഇന്റർവ്യൂവിൽ ബയോഡാറ്റയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വിവിധ സേനകളിൽ നിന്നും വിരമിച്ച വിമുക്ത ഭടന്മാരുടെ ആശ്രിതർക്ക് 100 % സ്കോളർഷിപ്പോടു കൂടി 2026-28 വർഷത്തേക്ക് ഡിപ്ലോമ ഇൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ചെയ്യുന്നതിന് വേണ്ടി ശ്രി ജഗദ്ഗുരു ശങ്കരാചാര്യ മഹാസമസ്ഥാനം, ശ്രിങ്കേരി ശാരദാ പീഠം അപേക്ഷ ക്ഷണിച്ചു.

# ഐ.എച്ച്.ആർ.ഡി യിൽ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് പ്രവേശനം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെൻററിൽ ജനുവരി 15 ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പിജിഡിസിഎ : ഒരു വർഷം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡിസിഎ : 6 മാസം), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻറ് ഓഫീസ് ഓട്ടോമേഷൻ (ഡി ഡി ടി ഒഎ : ഒരു വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (സി സി എൽ ഐ എസ് : 6 മാസം) പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഫ്: ഒരു വർഷം) എന്നീ കോഴ്സുകളിലേക്ക് (ഫുൾ ടൈം/പാർട്ട് ടൈം/ഓൺലൈൻ/ഓഫ്ലൈൻ/ഈവനിംഗ് ബാച്ച്) അപേക്ഷ ക്ഷണിക്കുന്നു. ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് യഥാക്രമം യോഗ്യതകൾ. മാർച്ച് 15 നുള്ളിൽ അപേക്ഷ സമർപ്പിക്കണം. എസ്.സി /എസ്.ടി /ഒ.ഇ.സി വിഭാഗക്കാർക്ക് സൗജന്യമാണ്. ഫോൺ 0471-2550612, 9400519491, 8547005087 .

# തൊഴിൽ മേള

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധമായി പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ജനുവരി 14 രാവിലെ 11ന് സ്വകാര്യ മേഖലയിലെ വിവിധ കമ്പനികൾക്കായി അഭിമുഖം സംഘടിപ്പിക്കുന്നു . എസ്.എസ്.എൽ.സി , പ്ലസ് ടു , ബിരുദം യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ കാക്കനാട് സിവിൽ സ്റ്റേഷനിൽ അഞ്ചാംനിലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബയോഡാറ്റയുടെ 3 കോപ്പി സഹിതം അഭിമുഖത്തിനായി ഹാജരാകേണ്ടതാണ്. ഫോൺ 0484-2422452

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെഎംഎ വാർഷിക മാനേജ്മെന്റ് കൺവൻഷൻ ജനുവരി 15,16 തീയതികളിൽ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ (കെഎം എ) 43ാമത് വാർഷിക മാനേജ്മെന്റ് കൺവൻഷൻ 15,16 തീയതികളിൽ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ നടക്കും. രാജ്യത്തെ ഏറ്റവും വലിയ മാനേജ്മെന്റ് കൺവെൻഷനിൽ അൻപതിലധികം പ്രഭാഷകർ പങ്കെടുക്കും. ട്രാൻസ്ഫോർമിങ് ഫോർ ഇമ്പാക്റ്റ് എന്നതാണ് ഇത്തവണത്തെ സമ്മേളന പ്രമേയം. ആയിരത്തിലേറെ പ്രതിനിധികൾ ദ്വിദിന സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് കെ.എം.എ പ്രസിഡന്റ് കെ. ഹരികുമാർ, കെ മാക് ചെയർമാൻ അൾജിയേഴ്സ് ഖാലിദ് എന്നിവർ പറഞ്ഞു. കേരളത്തിലെ മാനേജ്മെന്റ് മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് കൺവൻഷനിലൂടെ ലക്ഷ്യമിടുന്നത്. 15 ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അനന്ത നാഗേശ്വരൻ മുഖ്യപ്രഭാഷണം നടത്തും. യു എൻ മുൻ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ കുമരേഷ് സി. മിശ്ര വിശിഷ്ടാതിഥിയാകും.ജോർജ് അലക്സാണ്ടർ മുത്തൂറ്റ് (മുത്തൂറ്റ് ഫിനാൻസ് ), സി ജെ ജോർജ് (ജിയോജിത്), മധു എസ് നായർ (കൊച്ചിൻ ഷിപ്പ്‌യാർഡ്) , എം പി അഹമ്മദ് (മലബാർ ഗ്രൂപ്പ്) എന്നിവരെ ട്രാൻസ്ഫർമേഷൻ ഐക്കൺസ് ഓഫ് കേരളയായി ആദരിക്കും. ഇവരെ പങ്കെടുപ്പിച്ചുള്ള റൗണ്ട് ടേബിൾ വേണുഗോപാൽ സി. ഗോവിന്ദ് മോഡറേറ്റ് ചെയ്യും.

പതിനൊന്ന് ട്രാക്കുകളിലായി രാജ്യത്തിനകത്തും പുറത്തും നിന്നുള്ള അൻപതിലേറെ ബിസിനസ്, മാനേജ്മെന്റ് വിദഗ്ധർ സമ്മേളന സെഷനുകളിൽ പങ്കെടുക്കും. കെ എം എസ് റോൾ ഇൻ ദി ട്രാൻസ്ഫർമേഷൻ ഓഫ് കേരളാസ് മാനേജ്മെന്റ് ലാൻഡ്സ്കേപ് എന്ന വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ സുനിൽ സക്കറിയ മോഡറേറ്ററാകും. സിയാൽ എം ഡി എസ് സുഹാസ് മുഖ്യപ്രഭാഷണം നടത്തും.




15 ന് രാവിലെ ഒൻപതരയ്ക്ക് യുവ മാനേജർമാർക്കും യുവ സംരംഭകർക്കുമായി സംഘടിപ്പിക്കുന്ന നടക്കുന്ന യങ് മൈൻഡ്സ് സമ്മിറ്റ് ടോം ജോസ് ഉദ്ഘാടനം ചെയ്യും. ശരത്ബാബു ഏഴുമലൈ മുഖ്യാതിഥിയാകും. പ്രൊഫ. ഹെലെ ഹാരിസൺ മുഖ്യ പ്രഭാഷണം നടത്തും.



# ലക്ഷദ്വീപ് മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കർമപദ്ധതി

**കൊച്ചി:** ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം. ഫിഷറീസ്സമുദ്രകൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂരകടൽപായൽ വിപണിശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു. കവരത്തിയിൽ സിഎംഎഫ്ആർഐയുടെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന മത്സ്യമേളയോടനുബന്ധിച്ച് നടന്ന ഗുണഭോക്തൃ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള വിപണിയിൽ ഏറെ ആവശ്യക്കാരുള്ള ലക്ഷദ്വീപ് ചൂര (ട്യൂണ), കടൽപായൽ എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി ശക്തിപ്പെടുത്താനും സ്റ്റാർട്ടപ്, സംരംഭകത്വ സംരംഭങ്ങൾ ശക്തിപ്പെടുത്താനും നടപടികളുണ്ടാകും. ആവശ്യമായ മേഖകളിൽ നിക്ഷേപം ആകർഷിക്കും. അലങ്കാര മത്സ്യകൃഷി, വിപണനം, കടൽ കൂടുകൃഷി തുടങ്ങിയവ കൂടുതൽ ജനകീയമാക്കും. യുവജനങ്ങൾക്കും സത്രീകൾക്കും മുൻഗണന നൽകിയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. സ്വകാര്യ പങ്കാളിത്തത്തോടെ ദ്വീപിന്റെ ബ്ലൂ ഇക്കോണമി സാധ്യതകൾ പ്രയോജനപ്പെടുത്തും. കോൾഡ് സ്റ്റോറേജ്, ഫീഡ് നിർമ്മാണ യൂണിറ്റുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കുന്നതിനൊപ്പം ലക്ഷദ്വീപ് പ്രീമിയം സീഫുഡ് എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കുംസെക്രട്ടറി പറഞ്ഞു. ലക്ഷദ്വീപിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിൽ മത്സ്യോൽപാദനം കൂട്ടേണ്ടതുണ്ടെന്ന് ശാസത്രജ്ഞർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഡിസംബറിൽ നടന്ന നിക്ഷേപക സംഗമത്തിൽ 500 കോടിയിലധികം രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിരുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പ്രകാരമുള്ള സാമ്പത്തിക സഹായങ്ങളും ഈ പദ്ധതികൾക്കായി ഉപയോഗപ്പെടുത്തും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ ബുസാർ ജംഹർ, ലക്ഷദ്വീപ് കെവികെ മേധാവി ഡോ പി എൻ ആനന്ദ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.




# ഫെഡ്എക്സും ജി.ജെ.ഇ.പി.സി.യും ധാരണാപത്രത്തിൽ ഒപ്പുവച്ചു

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ എക്സ്പ്രസ് ഗതാഗത കമ്പനിയായ ഫെഡറൽ എക്സ്പ്രസ് കോർപ്പറേഷൻ (ഫെഡ്എക്സ്), ജെംസ് ആന്റ് ജുവലറി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ജി.ജെ.ഇ.പി.സി.)യുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇന്ത്യയിലെ രത്നങ്ങളുടെയും ആഭരണങ്ങളുടെയും കയറ്റുമതി ശക്തിപ്പെടുത്തുന്നതിനുള്ള ചുവടുവെപ്പാണ് ഈ ധാരണാപത്രം പ്രതിഫലിപ്പിക്കുന്നത്. ഇതിലൂടെ കയറ്റുമതി സുരക്ഷിതവും സമയനിശ്ചിതവുമായി ആഗോള വിപണികളിലേക്ക് എത്തിച്ചേരും. ഇന്ത്യയുടെ ജി.ഡി.പി.യിൽ ഏകദേശം 7 ശതമാനവും, മൊത്തം വ്യാപാര കയറ്റുമതിയുടെ 10 മുതൽ 12 ശതമാനം വരെയും സംഭാവന ചെയുന്നത് ഈ വിഭാഗമാണ്. നിർമ്മാണം, ഡിസൈൻ, വ്യാപാരം എന്നീ രംഗങ്ങളിലായി ദശലക്ഷക്കണക്കിന് ആളുകളാണ് ഈ മേഖലയിൽ തൊഴിൽ ചെയുന്നത്. ഈ ധാരണാപത്രത്തിലൂടെ, അന്താരാഷ്ട്ര വ്യാപാര പാതകളിലുടനീളം സുഗമമായ വിപണി പ്രവേശനം സാധ്യമാകുന്നു.

# ഓപ്പോ റെനോ 15 സീരീസ് വിപണിയിൽ

**കൊച്ചി:** ഓപ്പോ റെനോ 15 സീരീസ് വിപണിയിലിറക്കി. ഓപ്പോ റെനോ 15 പ്രോ, റെനോ 15 പ്രോ മിനി, റെനോ 15 എന്നീ മൂന്നു മോഡലുകളാണ് ഈ സീരീസിൽ പുറത്തിറക്കിയിരിക്കുന്നത്.



മികച്ച കാമറ, വലിയ ബാറ്ററി എന്നിവയാണു പ്രധാന സവിശേഷതകൾ. സഞ്ചാരികൾക്കും ഫോട്ടോഗ്രഫി ഇഷ്ടപ്പെടുന്നവർക്കുമായി രൂപകല്പന ചെയ്ത ഈ സീരീസിൽ നൂതന കാമറാ സിസ്റ്റം, ഇൻറലിജൻറ് എഐ, പ്രിസിഷൻ എൻജിനിയറിംഗ് ഡിസൈൻ എന്നിവയുണ്ട്.

റെനോ 15 പ്രോയുടെ 12 ജിബി 256 ജിബി വേരിയൻറിന് 67,999 രൂപയാണു വില. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ഫോണുകൾ ലഭിക്കും.

# ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ് ക്യാമ്പയിന് തുടക്കമായി

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിൽ നിന്നുള്ള ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്കിന്റെ വാർഷിക ഡയമണ്ട് ആഭരണ ആഘോഷമായ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന് തുടക്കമായി. നിത്യ ജീവിതത്തിൽ ധരിക്കാവുന്ന ലളിതമായ ഡിസൈനുകൾ മുതൽ വിശേഷാവസരങ്ങൾക്കുള്ള ആഭരണങ്ങൾ വരെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളിൽ തനിഷ്കിനുള്ള പ്രാവീണ്യം വിളിച്ചോതുന്നതാണ് ഈ വർഷത്തെ ആഭരണ ശേഖരം. കൂടാതെ ബോളിവുഡ് നടി അനന്യ പാണ്ഡെയെ ബ്രാൻഡിന്റെ പുതിയ മുഖമായി പ്രഖ്യാപിച്ചെന്നും ബ്രാൻഡ് അറിയിച്ചു. ഇന്നത്തെ ആത്മവിശ്വാസമുള്ള സ്ത്രീകളുടെ അഭിരുചികൾക്ക് അനുയോജ്യമായ രീതിയിൽ തനിഷ്കിന്റെ വൈവിധ്യമാർന്ന ആഭരണ ശേഖരത്തെ അനന്യ പ്രതിനിധീകരിക്കും. അനന്യ പാണ്ഡെ അഭിനയിച്ച പുതിയ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ് ക്യാമ്പയിൻ വീഡിയോയും തനിഷ്ക് പുറത്തിറക്കിയിട്ടുണ്ട്. പതിനായിരത്തിലധികം വൈവിധ്യമാർന്ന ഡയമണ്ട് ഡിസൈനുകളാണ് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. കമ്മലുകൾ, ഇയർ കഫ്സ്, സൂയിധാഗകൾ, ഹൂപ്സ്, മോതിരങ്ങൾ, മാലകൾ, വളകൾ തുടങ്ങിയവയുടെ വിപുലമായ ശ്രേണി ഇതിൽ ഉൾപ്പെടുന്നു. 10,000 രൂപ മുതൽ വില ആരംഭിക്കുന്ന ആഭരണങ്ങൾ ലഭ്യമാണ്. കൂടാതെ, ഡയമണ്ട് മൂല്യത്തിൽ 20 ശതമാനം ഇളവും ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമായി തനിഷ്ക് ലഭ്യമാക്കുന്നുണ്ട്.

തനിഷ്ക്കിന്റെ നാച്ചുറൽ ഡയമണ്ടുകൾ നൽകുന്ന സഹജമായ സന്തോഷമാണ് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ് ആഘോഷിക്കുന്നതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പെൽകി ഷെറിംഗ് പറഞ്ഞു. ഉപഭോക്താക്കൾക്ക് തനിഷ്ക് സ്റ്റോറുകൾ സന്ദർശിച്ചോ അല്ലെങ്കിൽ www.tanishq.co.in/festival-of-diamond എന്ന വെബ്സൈറ്റ് വഴിയോ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമാകാം.



# വണ്ടർലാബ്സ് പദ്ധതി പൂർത്തിയാക്കി വണ്ടർല

**കൊച്ചി:** കേരളത്തിലെ സ്കൂൾതല ശാസ്ത്ര വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി വണ്ടർലാബ്സ് എന്ന പേരിൽ നടപ്പാക്കിയ സി.എസ്.ആർ പദ്ധതി വിജയകരമായി പൂർത്തിയാക്കി വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ്. തൃശൂർ തിരുമുടിക്കുന്നിലെ പി.എസ്.എച്ച്.എസ്. സ്കൂളിൽ നടന്ന സമാപന ചടങ്ങോടെയാണ് പദ്ധതി ഔദ്യോഗികമായി സ്കൂളുകൾക്ക് കൈമാറിയത്. കമ്പനിയുടെ 25 വർഷത്തെ എഞ്ചിനീയറിംഗ് നേട്ടങ്ങളും പ്രവർത്തന മികവും ആഘോഷിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഈ പദ്ധതിയിലൂടെ കേരളത്തിലെ 25 സ്കൂളുകളിൽ പൂർണ്ണ സജ്ജമായ ശാസ്ത്ര ലബോറട്ടറികൾ ഒരുക്കി. 2025 പകുതിയോടെ ആരംഭിച്ച പദ്ധതിക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 100 ലധികം സ്കൂളുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചു. കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം, തെരഞ്ഞെടുത്ത സ്കൂളുകളിൽ 2025 ഡിസംബറിൽ പദ്ധതി പൂർത്തിയാക്കുകയും പാഠ്യപദ്ധതിയ്ക്കാവശ്യമായ ശാസ്ത്രീയ ഉപകരണങ്ങളും പഠനസഹായ സാമഗ്രികളും സ്കൂളുകൾക്ക് കൈമാറുകയും ചെയ്തു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിലായി 25,000ത്തിലധികം വിദ്യാർത്ഥികൾക്ക് ഇതിലൂടെ പ്രായോഗിക പഠന സൗകര്യം ലഭിക്കുന്നുണ്ട്.

പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് വണ്ടർല എക്സിക്യൂട്ടീവ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. നീണ്ട 25 വർഷത്തെ യാത്രയിൽ ഏറെ അഭിമാനകരമായ നിമിഷമാണിത്. കേരളത്തിലുടനീളം സ്കൂൾതല ശാസ്ത്ര വിദ്യാഭ്യാസം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി 25 സ്കൂളുകളിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് വലിയ സന്തോഷമുണ്ട്. യാതൊരുവിധത്തിലുള്ള വേർതിരിവുമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള ശാസ്ത്ര വിദ്യാഭ്യാസം ലഭ്യമാകണം എന്ന ഞങ്ങളുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണ് ഈ സംരംഭം. ശാസ്ത്രത്തിലും നവീകരണത്തിലും കരിയർ തിരഞ്ഞെടുക്കാൻ ഈ സൗകര്യങ്ങൾ നിരവധി വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആസ്റ്റർ മെഡ്സിറ്റി ട്രോമാക്സ്2026

**കൊച്ചി:** ട്രോമ രോഗികളുടെ സമഗ്ര പരിചരണത്തെക്കുറിച്ച് ആഴത്തിലുള്ളതും പ്രായോഗികവുമായ ഉൾക്കാഴ്ച മാക്സിലോഫേഷ്യൽ സർജന്മാർക്ക് നൽകുന്നതിനായി ട്രോമാക്സ്2026 സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി. ആസ്റ്റർ മെഡ്സിറ്റിയിലെ ക്രാനിയോമാക്സില്ലോഫേഷ്യൽ സർജറി, എമർജൻസി മെഡിസിൻ വകുപ്പുകൾ, അസോസിയേഷൻ ഓഫ് ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജൻസ് ഓഫ് ഇന്ത്യ കേരള ബ്രാഞ്ചുമായി സഹകരിച്ചായിരുന്നു പരിപാടി.

അടിയന്തര വൈദ്യശാസ്ത്ര വിദഗ്ധർ, തീവ്രപരിചരണ വിദഗ്ധർ, അനസ്തേഷ്യോളജിസ്റ്റുകൾ, ന്യൂറോ സർജന്മാർ, ക്രാനിയോമാക്സില്ലോഫേഷ്യൽ സർജന്മാർ എന്നിവരുടെ ഏകോപിത പരിചരണം ആവശ്യമായി വരുന്ന സങ്കീർണ്ണമായ പ്രക്രിയയാണ് ക്രാനിയോമാക്സില്ലോഫേഷ്യൽ ട്രോമ കൈകാര്യം ചെയ്യുക എന്നത്. റോഡ് അപകടത്തിൽപ്പെട്ടയാളുടെ പരിചരണം അപകടസ്ഥലത്ത് നിന്നാണ് ആരംഭിക്കുന്നത്. ട്രയാജിംഗ്, ട്രാൻസ്ഫർ, പരിചരണം, ശസ്ത്രക്രിയാനന്തര രോഗമുക്തി എന്നിവയിൽ നൽകുന്ന പരിചരണത്തിന്റെ ഗുണനിലവാരമാണ് രോഗാവസ്ഥയിലും മരണനിരക്കിലും സ്വാധീനിക്കുന്നതെന്നും സമ്മേളനം ചൂണ്ടിക്കാട്ടി. മുഖത്തെ അസ്ഥികളുടെ ബയോമെക്കാനിക്സ്, ആധുനിക ഇംപ്ലാന്റ് സിസ്റ്റങ്ങൾ, മുഖത്തെ ഒടിവുകളുടെ വിപുലമായ രോഗനിർണയം, കുട്ടികൾക്കും പ്രായമായവർക്കുമുള്ള പ്രത്യേക ട്രോമ പരിചരണം, മാക്സിലോഫേഷ്യൽ ട്രോമയിലെ സങ്കീർണതകൾ കൈകാര്യം ചെയ്യൽ, പിന്നീട് വരാവുന്ന ട്രോമ വൈകല്യങ്ങൾ പരിഹരിക്കൽ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്ററാക്ടീവ് കേസ് സ്റ്റഡീസ്, ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയും പരിപാടിയിൽ ഉണ്ടായിരുന്നു.

# ഐഒസി–മാരുതി സുസുക്കി ധാരണ

**കൊച്ചി:** പൊതുമേഖല എണ്ണ കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡും രാജ്യത്തെ മുൻനിര വാഹന നിർമ്മാതാക്കളായ മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡും (എംഎസ്ഐഎൽ) ഉപഭോക്തൃ സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പുതിയ ധാരണാപത്രത്തിൽ (എംഒയു) ഒപ്പുവച്ചു. കരാർ പ്രകാരം രാജ്യത്തുടനീളമുള്ള തിരഞ്ഞെടുത്ത ഇന്ത്യൻ ഓയിൽ ഇന്ധന സ്റ്റേഷനുകളിൽ മാരുതി സുസുക്കി സർവീസ് സൗകര്യങ്ങൾ സ്ഥാപിക്കും.

വിവിധ മാരുതി സുസുക്കി സർവീസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ത്യൻ ഓയിലിന്റെ വിശാലമായ രാജ്യവ്യാപക ശൃംഖലയെ ഉപയോഗിക്കാൻ കരാർ ലക്ഷ്യമിടുന്നു. ഈ സഹകരണം ഉപഭോക്താക്കൾക്ക് തങ്ങളുടെ മാരുതി സുസുക്കി വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന ഇടങ്ങളിൽ നിന്ന് തന്നെ ഷെഡ്യൂൾ ചെയ്ത അറ്റകുറ്റപ്പണികളും നിർവഹിക്കാൻ കഴിയും. പുതിയ കരാർ പ്രകാരം വിപുലമായ റീട്ടെയിൽ സാന്നിധ്യമുള്ള ഇന്ത്യൻ ഓയിൽ, മാരുതി സുസുക്കിയുടെ 5,780ലധികം സർവീസ് ടച്ച്പോയിന്റുകൾ കൂടുതൽ ശക്തിപ്പെടുത്തും.

മൂല്യവർധിത സേവനങ്ങളിലൂടെ ഇന്ധന സ്റ്റേഷനിലെ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ ഓയിൽ പ്രതിജ്ഞാബദ്ധമാണെന്ന് ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) സൗമിത്ര പി ശ്രീവാസ്തവ പറഞ്ഞു. ഇന്ത്യയിലുടനീളം 41,000ത്തിലധികം ഇന്ധന സ്റ്റേഷനുകളുടെ ശൃംഖലയുള്ളതിനാൽ, അവശ്യ സേവനങ്ങൾ ഉപഭോക്താക്കളിലെത്തിക്കാൻ ഐഒസിക്ക് കഴിയുന്നതായും മാരുതി സുസുക്കിയുമായി പങ്കാളിത്തത്തിലേർപ്പെടുന്നതിലൂടെ, ലോകോത്തര ഓട്ടോമോട്ടീവ് അറ്റകുറ്റപ്പണികളും ഐഒസിയുടെ ഊർജ്ജ ഓഫറുകളും സംയോജിപ്പിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.കാർ സർവീസിംഗ് പരമാവധി എളുപ്പവും സൗകര്യപ്രദവുമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഇന്ത്യയിലെ ഏറ്റവും വിശ്വസ്ത സംരംഭങ്ങളിലൊന്നായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി പങ്കാളിത്തത്തിലേർപ്പെടുന്നതെന്ന് മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഓഫീസർ (സർവീസ്) ശ്രീ റാം സുരേഷ് അകെല്ല പറഞ്ഞു. മൊബിലിറ്റി ഊർജ്ജ മേഖലകളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും മികച്ച ഉപഭോക്തൃ പരിചരണ അനുഭവം നൽകുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് ഈ സഹകരണമെന്നും അദ്ദേഹം പറഞ്ഞു.

# ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം കൊച്ചിയിൽ

**കൊച്ചി:** ഡാറ്റ ആൻഡ് എഐ അധിഷ്ഠിത സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് കമ്പനിയായ ഒറൈൻ ഇന്നോവേഷന്റെ അത്യാധുനിക ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. നിർമിതബുദ്ധിയുടെ (എഐ) സഹായത്തോടെ ഡിജിറ്റൽ സേവനങ്ങൾ വികസിപ്പിക്കാൻ പര്യാപ്തമായ ഇന്നോവേഷൻ ഹബ്ബാണ് കൊച്ചിയിലേത്. വരുംകാല ബിസിനസ് സാധ്യതകളെ മുൻനിർത്തിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ജെൻഎഐ ഡാറ്റ, ക്ലൗഡ് ആൻഡ് എഞ്ചിനീയറിംഗ് മേഖലകളിൽ കമ്പനികൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം വിപുലീകരിച്ചത്. ക്ലയന്റുകൾ, എൻജിനീയർമാർ, ഡിസൈനർമാർ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവർക്ക് വിപണിയിലെ നൂതന ഡിജിറ്റൽ പരിഹാരങ്ങൾ കണ്ടെത്താനും പരീക്ഷിക്കാനും അവസരമൊരുക്കുകയാണ് എൻവിഷൻ സ്റ്റുഡിയോ മുഖേന ലക്ഷ്യമിടുന്നത്. ഒറൈൻ ഇന്നോവേഷന്റെ ഭാവി കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് കൊച്ചിയിൽ ആരംഭിച്ച ആധുനിക ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനമെന്നും രാജ്യത്തെ മികച്ച പ്രതിഭകളെ ഉപയോഗപ്പെടുത്തി ആഗോളതലത്തിൽ സുസ്ഥിര എഐ ഇക്കോസിസ്റ്റം രൂപപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നതെന്നും ഒറൈൻ ഇന്നോവേഷൻ സിഇഒ ബ്രയാൻ ബ്രോൺസൺ പറഞ്ഞു.






# ബിസിനസും ക്രിക്കറ്റും ഒരേ വേദിയിൽ; ഇസിഎൽ 2.0 ഗ്രാൻഡ് ലോഞ്ച് നടന്നു

**കൊച്ചി:** സംരംഭകരെയും കായിക പ്രേമികളെയും ഒരേ വേദിയിൽ കൂട്ടിച്ചേർക്കുന്ന എന്റർപ്രണേഴ്സ് ക്രിക്കറ്റ് ലീഗ് (ഇസിഎൽ) 2.0യുടെ ഗ്രാൻഡ് ലോഞ്ചും പ്ലേയേഴ്സ് ലേലവും കൊച്ചി മാരിയറ്റ് ഹോട്ടലിൽ നടന്നു. ബിസിനസും ക്രിക്കറ്റും ഒരുമിച്ച് സംഗമിച്ച ഈ അപൂർവ വേദി ശ്രദ്ധേയമായി. ലേലത്തിൽ കണ്ണൂർ ഡോമിനേറ്റർസ് സ്വന്തമാക്കിയ റോബിൻ രാജനാണ് ഏറ്റവും വിലയേറിയ താരം. ചടങ്ങിൽ നടിയും അവതാരകയുമായ വീണ നന്ദകുമാർ, ഇസിഎല്ലിന്റെ മുഖമായ ക്രിക്കറ്റർ സച്ചിൻ ബേബി, റിപ്പോർട്ടർ ചാനൽ മാനേജിംഗ് ഡയറക്ടർ ആൻറ്റോ അഗസ്റ്റിൻ, സംഭരംഭകനായ അനന്ദു, ഇസിഎൽ ഫൗണ്ടർ അൻസാരി, ജിഗ്സൺ ഫ്രാൻസിസ്, ആര്യ ലക്ഷ്മി, തുടങ്ങിയ പ്രമുഖ സംരംഭകരും വിശിഷ്ട വ്യക്തികളും പങ്കെടുത്തു.

കേരളത്തിലെ സംരംഭകർ, വ്യവസായ പ്രമുഖർ, കായിക പ്രേമികൾ എന്നിവർക്കായി രൂപകൽപ്പന ചെയ്ത എന്റർപ്രണേഴ്സ് ക്രിക്കറ്റ് ലീഗ്, ക്രിക്കറ്റിലൂടെ നെറ്റ്‌വർക്കിംഗ്, ടീം ബിൽഡിംഗ്, സംരംഭക സൗഹൃദ കൂട്ടായ്മ എന്നിവ ലക്ഷ്യമിടുന്ന പുതുമയുള്ള ആശയമാണെന്ന് സംഘാടകർ വ്യക്തമാക്കി. ബ്ലാക്ക് പാന്തേഴ്സ് കൊച്ചി, റോയൽ സ്ട്രൈക്കേഴ്സ് ട്രിവാൻഡ്രം, ഹിഡുംബവനം തൃശ്ശൂർ, എഫ് എൻ കൊല്ലം റോയൽസ്, അൽമിയ സോളാർ വാരിയർസ് മലപ്പുറം, ഇടുക്കി സ്മാഷേഴ്സ്, കണ്ണൂർ ഡോമിനേറ്റർസ്, കാസർഗോഡ് സ്റ്റോം ബ്രേക്കേഴ്സ്, കെ ഫ് എൽ പവർ ഹിറ്റേഴ്സ് കാലിക്കറ്റ്, ഐഡ കോട്ടയം ബാറ്റ്ലയൺസ്, റാപിഡ് ചലഞ്ചേഴ്സ് പാലക്കാട്, പത്തനംതിട്ട റോയൽ വാരിയേഴ്സ്, വയനാട് ടൈഗേഴ്സ്, വി ആർ അസ്സിസ്റ് ആലപ്പി എന്നീ 14 ടീമുകളാണ് ലീഗിൽ മാറ്റുരയ്ക്കുന്നത്.

# അനുപ് കുമാർ സാഹ കൊട്ടക് മഹീന്ദ്ര ബാങ്ക് ഡയറക്ടർ



**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്ക് അനുപ് കുമാർ സാഹയെ മുഴുവൻ സമയ ഡയറക്ടറായി നിയമിച്ചു. ആവശ്യമായ റെഗുലേറ്ററി അനുമതികൾ ലഭിച്ച ശേഷം അദ്ദേഹം ചുമതലയേൽക്കും. ജനുവരി 12 മുതൽ അദ്ദേഹം സീനിയർ മാനേജ്മെന്റ് ടീമിന്റെ ഭാഗമാണ്. ബജാജ് ഫിനാൻസിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന അനുപ്, ഡിജിറ്റൽ മാറ്റങ്ങളും ഉപഭോക്തൃകേന്ദ്രിത തന്ത്രങ്ങളും വഴി സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് നിർണായക പങ്കുവഹിച്ചു. അനുപ് 14 വർഷം ഐസിഐസിഐ ബാങ്കിൽ മുതിർന്ന നേതൃത്വ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഉപഭോക്തൃ, റീട്ടെയിൽ ബാങ്കിംഗ്, ഡാറ്റാ അനലിറ്റിക്സ്, ഡിജിറ്റൽ പരിവർത്തനം എന്നിവയിൽ ആഴത്തിലുള്ള വൈദഗ്ധ്യമുണ്ട്.

കൊട്ടക്കിൽ അദ്ദേഹം കൺസ്യൂമർ ബാങ്കിംഗ്, മാർക്കറ്റിംഗ്, ഡാറ്റ അനലിറ്റിക്സ് മേഖലകൾക്ക് നേതൃത്വം നൽകും.

ഈ നിയമനം ബാങ്കിന്റെ ഡിജിറ്റൽ നവീകരണത്തിനും ഉപഭോക്തൃബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സഹായകരമാകുമെന്ന് ബാങ്ക് നേതൃത്വം അറിയിച്ചു.

# ടിസിഎസിന്റെ ലാഭത്തിൽ 14% ഇടിവ്

**മുംബൈ:** നടപ്പു സാമ്പത്തിക വർഷത്തെ ഡിസംബർ വരെയുള്ള ത്രൈമാസ ഫലങ്ങൾ പുറത്തുവിട്ട് രാജ്യത്തെ ഏറ്റവും വലിയ ഐടി കമ്പനിയായ ടാറ്റ കൺസൾട്ടൻസി സർവീസസ്.

ഡിസംബർ പാദത്തിൽ ടിസിഎസിന്റെ അറ്റ ലാഭം വാർഷികാടിസ്ഥാനത്തിൽ ഏകദേശം 14 ശതമാനം ഇടിഞ്ഞ് 10,657 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ ലാഭം 12,380 കോടിയിലായിരുന്നു. അതേസമയം, പ്രവർത്തന വരുമാനം ഏകദേശം 5 ശതമാനം ഉയർന്ന് 67,087 കോടിയിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 63,973 കോടി രൂപയായിരുന്നു.

# മലേഷ്യ എയർലൈൻസ് ടൈം ഫോർ ന്യൂ ചാപ്റ്റേഴ്സ് ഗ്ലോബൽ ക്യാമ്പിന് അവതരിപ്പിച്ചു



**കൊച്ചി:** മലേഷ്യ എയർലൈൻസ് 2026ലെ യാത്രകൾക്കായി ആകർഷകമായ ഓഫറുകൾ ഉൾപ്പെടുത്തിയ 'ടൈം ഫോർ ന്യൂ ചാപ്റ്റേഴ്സ്' എന്ന ആഗോള ക്യാമ്പിൻ അവതരിപ്പിച്ചു. 2026 ജനുവരി 12 മുതൽ 20 വരെ ബുക്ക് ചെയ്യുന്നവർക്ക് നവംബർ 30 വരെയുള്ള യാത്രകളിൽ ഈ ആനുകൂല്യം ലഭിക്കും. എല്ലാ നികുതികളും ഉൾപ്പെടുന്ന റിട്ടേൺ ഫെയറുകൾ 17,199 രൂപ മുതൽ ആരംഭിക്കുന്നു. എൻറിച്ച് മെമ്പർമാർക്ക് പ്രമോഷണൽ നിരക്കുകളിൽ 5% അധിക ഡിസ്കൗണ്ടും മുൻഗണനാ ആക്സസും ലഭ്യമാണ്. സിഡ്നി, സിയോൾ, ഷാങ്ഹായ് തുടങ്ങിയ ആഗോള നഗരങ്ങളിലേക്കും സിസ്റ്റർ എയർലൈൻ ആയ ഫയർഫ്ലൈ വഴി സെബു, ക്രാബി തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും മികച്ച കണക്റ്റിവിറ്റി എയർലൈൻ ഉറപ്പാക്കുന്നു. അത്യാധുനികമായ വിമാനങ്ങൾ, എല്ലാ ക്ലാസുകളിലും സൗജന്യ വൈഫൈ, മലേഷ്യൻ, ഏഷ്യൻ രുചികൾ കോർത്തിണക്കിയ പ്രത്യേക ഇൻഫ്ലൈറ്റ് മെനുകൾ എന്നിവ യാത്രക്കാർക്ക് വാഗ്ദാനം ചെയ്യുന്നു. കൂടാതെ, 'ബോണസ് സൈഡ് ട്രിപ്പ്' പ്രോഗ്രാമിലൂടെ സ്റ്റോപ്പോവറുകളെ മലേഷ്യൻ നഗരങ്ങൾ സന്ദർശിക്കാനുള്ള അവസരമായി മാറ്റാനും യാത്രക്കാർക്ക് സാധിക്കും.

# ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ 2025: പുരസ്കാര ജേതാക്കൾക്ക് സമ്മാനം വിതരണം ചെയ്തു

**കൊച്ചി:** ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ (ഐഎസ്എഫ്) ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ 2025ലെ ഇൻഫോസിസ് പുരസ്കാര ജേതാക്കൾക്ക് സമ്മാനം വിതരണം ചെയ്തു. നൊബേൽ സമ്മാന ജേതാവ് റാണ്ടി ഷെക്മാൻ ആറ് വിഭാഗങ്ങളിലായുള്ള പുരസ്കാര ജേതാക്കൾക്കും തങ്കപ്പതക്കവും പ്രശസ്തി പത്രവും സമ്മാനതുകയായ 100,000 യുഎസ് ഡോളറും നൽകി. സാമ്പത്തിക ശാസ്ത്രം, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ്, സാമൂഹിക ശാസ്ത്രം, ലൈഫ് സയൻസസ്, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം എന്നീ ആറ് വിഭാഗങ്ങളിലായി നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ചാണ് വിജയികൾക്ക് ഈ പുരസ്കാരം നൽകിയത്. സാമ്പത്തികശാസ്ത്രം പ്രൊഫസർ നിഖിൽ അഗർവാൾ, എഞ്ചിനീയറിംഗ് ആന്റ് കമ്പ്യൂട്ടർ സയൻസ് പ്രൊഫസർ സുശാന്ത് സച്ച്ദേവ, ഹ്യൂമാനിറ്റീസും സാമൂഹിക ശാസ്ത്രവും പ്രൊഫസർ ആൻഡ്രൂ ഒല്ലെറ്റ്, ലൈഫ് സയൻസസ് പ്രൊഫസർ അഞ്ജന ബദ്രി നാരായണൻ, ഗണിതശാസ്ത്രം പ്രൊഫസർ സബ്യസാചി മുഖർജി, ഭൗതിക ശാസ്ത്രം പ്രൊഫസർ കാർത്തിഷ് മന്ദിരാം എന്നിവരാണ് ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ 2025ലെ പുരസ്കാര ജേതാക്കൾ. ഇൻഫോസിസ് സയൻസ് ഫൗണ്ടേഷന്റെ ട്രസ്റ്റിമാരായ കെ. ദിനേശ്, നാരായണ മൂർത്തി, ക്രിസ് ഗോപാലകൃഷ്ണൻ, എസ്. ഡി. ഷിബുലാൽ, മോഹൻദാസ് പൈ, നന്ദൻ നിലേകനി, സലിൽ പരേഖ് എന്നിവരോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ, പ്രമുഖ അക്കാദമിക് വിദഗ്ധർ, ബിസിനസ്സ് രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ, യുവ പണ്ഡിതർ, വിദ്യാർത്ഥികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com